**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3581** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ മുന്നാട് വില്ലേജിൽ 2010-ലെ ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിൽ തൊട്ടടുത്ത വില്ലേജുകളെക്കാൾ ക്രമാതീതമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിലും ടി വില്ലേജിനോട് അതിർത്തി പങ്കിടുന്ന കള്ളാർ, കുറ്റിക്കോൽ, ബേഡഡുക്ക തുടങ്ങിയ വില്ലേജുകളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലും സർവ്വേ നമ്പറുകളിലുമാണ് തൊട്ടടുത്ത വില്ലേജുകളിലെ സമാനമായ ഭൂമികളുടെ ന്യായവിലയുമായി താരതമ്യം ചെയ്യുമ്പോൾ മൂന്ന് ഇരട്ടിയോളം നിരക്കിൽ ന്യായവില നിശ്ചയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇത് പരിഹരിച്ച് നൽകുന്നതിനായുള്ള തുടർനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ന്യായവില നിർണ്ണയിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉള്ള പക്ഷം ന്യായവില കരട് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ അപ്രകാരമുള്ള അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ അന്തിമമായി ന്യായവില നിർണ്ണയിച്ച് ഫോറം എ യിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണെന്നുമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ പരാതിക്കാസ്പദമായ ഭൂമിയുടെ ന്യായവിലയെ സംബന്ധിച്ച് നിശ്ചിത കാലയളവിൽ പരാതികളൊന്നും ലഭ്യമായിരുന്നില്ല. 2010 ൽ നിർണ്ണയിച്ച ന്യായവിലയ്ക്കെതിരെയുള്ള ആക്ഷേപങ്ങളും അപ്പീലുകളും നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞ സാഹചര്യത്തിലും ഒരു വില്ലേജിലെ മൊത്തത്തിലുള്ള ന്യായവില നിർണ്ണയിച്ചതിലുള്ള അപാകത ആയതിനാലും ടി വിഷയത്തിൽ സർക്കാർ തീരുമാനം അനിവാര്യമാണ്. പ്രസ്തുത വിഷയത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ കാസർഗോഡ് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ